"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി. സിജിൽ. ജെ-യ്ക്ക് കൊല്ലം ജില്ലയിലേയ്ക്ക് അന്തർജില്ല സ്ഥലംമാറ്റ ചട്ടങ്ങളിൽ ഇളവു വരുത്തി അന്തർജില്ലാ സ്ഥലംമാറ്റം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്

സ.ഉ.(കൈ) നം.106/2026/LSGD തീയതി,തിരുവനന്തപുരം, 17-07-2026

പരാമർശം:-

1. സ.ഉ. (പി) നം. 36/91/ഉഭപവ, തീയതി 02/12/1991.
2. ശ്രീമതി. സിജിൽ. ജെ, ഓഫീസ് അറ്റൻഡന്റ്, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സമർപ്പിച്ച 09/01/2026- ലെ അപേക്ഷ.
3. കൊല്ലം ജില്ലാ കളക്ടറുടെ 31/01/2026-ലെ DCKLM/564/2026-M6 നമ്പർ കത്ത്.
4. ത.സ്വ. ഭ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28/02/2026 -ലെ LSGD/PD/4955/ 2026-DEF3 നമ്പർ കത്ത്.

ഉത്തരവ്

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയി 15/12/2021-ന് സേവനത്തിൽ പ്രവേശിച്ച ശ്രീമതി. സിജിൽ. ജെ ശ്വാസകോശ ക്യാൻസർ രോഗിയും, എറണാകുളം അമൃത ഹോസ്പിറ്റലിൽ കീമോതെറാപ്പിയ്ക്കും 11/12/2025-ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്കും വിധേയയാകുകയും ഉണ്ടായി. നിലവിൽ ശൂരനാട് വടക്ക് താമസിക്കുന്നതിനാൽ ചികിത്സയ്ക്കും മറ്റു പരിചരണങ്ങൾക്കും ജോലിക്ക് പോയി വരുന്നതിനും കുട്ടികളുടെ സംരക്ഷണാർത്ഥവും മാതൃജില്ലയായ കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയും, പരാമർശം (3) പ്രകാരമുള്ള കൊല്ലം ജില്ലാ കളക്ടറുടെ ശിപാർശ കത്തും സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയി 15/12/2021-ന് സേവനത്തിൽ പ്രവേശിച്ച ശ്രീമതി. സിജിൽ. ജെ ശ്വാസകോശ ക്യാൻസർ രോഗിയും കീമോതെറാപ്പിയ്ക്കും ശസ്ത്രക്രിയയ്ക്കും വിധേയയായ ജീവനക്കാരിയും ആയതിനാൽ അനുകമ്പാപൂർവ്വമായ പരിഗണന അർഹിക്കുന്ന ജീവനക്കാരിയെന്ന നിലയിലും, കൊല്ലം ജില്ലാ കളക്ടറുടെ ശിപാർശ സഹിതമുള്ള റിപ്പോർട്ട് സമർപ്പിച്ചതിനാലും എറണാകുളം ജില്ലയിൽ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിലെ അന്തർജില്ല സ്ഥലംമാറ്റ ചട്ടങ്ങളിൽ ഇളവു വരുത്തിക്കൊണ്ട്

ടിയാൾ യ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ കൊല്ലം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2) സെക്രട്ടറി, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
3) ജില്ലാകളക്ടർ, കൊല്ലം.
4) ശ്രീമതി. സിജിൽ. ജെ, ഓഫീസ് അറ്റൻഡന്റ്, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
4) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
5) പൊതു ഭരണ (എസ്. സി) വകുപ്പ് (ഇനം. നമ്പർ 76 തീയതി 15/07/2026).
6) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Digitally signed by Jayakrishnan. K
Date: 17-07-2026 18:26:07